ഉത്തരം

(എ) 78 ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതികളും 35 നഗര ശുദ്ധജലവിതരണ പദ്ധതികളും ഇപ്പോൾ നിലവിലുണ്ട്. വിശദാംശങ്ങൾ അനുബന്ധ (എ, ബി) മായി ചേർത്തിട്ടുണ്ട്. †

(ബി) സമയബന്ധിതമായി പണി പൂർത്തിയാകാത്തതുമൂലം എൽ.ഐ.സി.-യുടെ സാമ്പത്തിക സഹായം നിലച്ചുപോയിട്ടുള്ള പദ്ധതികൾ ഒന്നും തന്നെയില്ല.

കടങ്ങോട് ശുദ്ധജല പദ്ധതി

62 [242] ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കടങ്ങോട് ശുദ്ധജലപദ്ധതി പൂർത്തീകരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

കടങ്ങോട് ശുദ്ധജലപദ്ധതി പൂർത്തീകരിച്ച് കമ്മീഷൻ ചെയ്യുന്നതിനായി സർക്കാരിന്റെ ഒരു വർഷത്തെ കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തി നടപടികൾ സ്വീകരിച്ചുവരുന്നു. ഈ പദ്ധതിയുടെ പ്രധാന ഭാഗങ്ങളായ കിണർ, ഇൻഫിൽട്രേഷൻ ഗാലറി, പമ്പ്ഹൗസ്, പമ്പിംഗ് മെയിൻ, ട്രാൻസ്ഫോർമർ, മാസ്റ്റർ ടാങ്ക്, വിതരണ ടാങ്കുകൾ 4 എണ്ണം എന്നിവ പൂർത്തീകരിച്ചിട്ടുണ്ട്. വരവൂർ, എരുമപ്പെട്ടി എന്നീ ടാങ്കുകളിലേക്കുള്ള ഗ്രാവിറ്റി മെയിനിന്റെ പണികളിലെ ഗ്യാപ്പ് പൂർത്തീകരിക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നു. വിതരണ ശൃംഖല 75 ശതമാനം പൂർത്തീകരിച്ചിട്ടുണ്ട്. വൈദ്യുതി കണക്ഷൻ ലഭ്യമാകുന്ന മുറയ്ക്ക് വരവൂർ-എരുമപ്പെട്ടി സോണുകൾ കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. കടങ്ങോട്, വേലൂർ എന്നീ സോണുകളിലേക്കുള്ള ഗ്രാവിറ്റി മെയിനായ 200 എം. എം. എ. സി. പൈപ്പുകൾ ലഭ്യമായിട്ടുണ്ട്. പ്രസ്തുത വർക്ക് ടെണ്ടർ ചെയ്യാനുള്ള നടപടി സ്വീകരിച്ചുവരുന്നു. ഇത് പൂർത്തിയാകുന്നതോടെ നിലവിലുള്ള വിതരണ ശൃംഖലയിലൂടെ ജലവിതരണം നടത്തി പദ്ധതി പൂർണ്ണമായും 2005 ഡിസംബറിൽ കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

നന്മണ്ട-പുങ്കുന്ന് കോളനികളിലെ കുടിവെള്ള പദ്ധതി

63 [243] ശ്രീ. എ. സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ നന്മണ്ട പഞ്ചായത്തിലെ പുങ്കുന്ന് കോളനിയിൽ കുടിവെള്ളമെത്തിക്കാൻ എന്തെങ്കിലും പദ്ധതി പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ ഈ പദ്ധതിക്കുവേണ്ടി ട്രാൻസ്ഫോർമർ ലഭിക്കുവാൻ കാലതാമസം ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly